No. EX/H1/16299/2021/C.G.E

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര
തിരുവനന്തപുരം-12
തീയതി : 22.11.2021

# വിജ്ഞാപനം

വിഷയം :- പൊ.വി.- പരീക്ഷാ ഭവൻ- ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ (ഡി.എൽ.ഇ.ഡി) (അറബിക്, ഉറുദു, ഹിന്ദി) സപ്ലിമെന്ററി പരീക്ഷ ജനുവരി 2022- സംബന്ധിച്ച്.

സൂചന :-
1. സ.ഉ (കൈ) നം.30/19/പൊ.വി.വ. തീയതി 07.03.2019.
2. സ.ഉ.(സാധാ) നം.3451/2019/പൊ.വി.വ. തീയതി, 29.08.2019
3. സ.ഉ(സാധാ) നം.3318/2021/പൊ.വി.വ. തീയതി, 08.07.2021.

********

2006-07 വർഷം മുതൽ 2018-19 വരെ നടത്തിയിരുന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ (അറബിക്, ഉറുദു, ഹിന്ദി) കോഴ്സിന്റെ ഘടനയും പാഠ്യപദ്ധതിയും സൂചന(1) പ്രകാരം 2 വർഷ കോഴ്സായി പരിഷ്ക്കരിച്ച് സൂചന (2) പ്രകാരം സംസ്കൃതം കൂടി ചേർത്ത് കോഴ്സിന്റെ പേര് ഡിപ്ലോമ ഇൻ എലിമെന്ററി എജ്യൂക്കേഷൻ (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) എന്നാക്കി ഉത്തരവായിരുന്നു. ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ ഒരു വർഷകോഴ്സ് പഠിച്ച വിദ്യാർത്ഥികൾ 2019 ജൂണിൽ നടത്തിയ പരീക്ഷയോടുകൂടി പഠനം പൂർത്തീകരിച്ചിരുന്നു. പ്രസ്തുത കോഴ്സിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് സൂചന (3) പ്രകാരം ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ സപ്ലിമെന്ററി പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

## I. പരീക്ഷ സംബന്ധിച്ച വിവരങ്ങൾ

1. 2006-07 വർഷം മുതൽ 2018-19 വരെ നടന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ കോഴ്സിനെ ആധാരമാക്കിയാണ് പരീക്ഷ നടത്തുന്നത്.
2. പ്രസ്തുത കോഴ്സിൽ 3 പാർട്ടുകളായാണ് മൂല്യനിർണ്ണയം നടത്തിയിരുന്നത്.
3. പാർട്ട് I - തിയറി പരീക്ഷ
   പാർട്ട് II - നിരന്തര മൂല്യനിർണയം
   പാർട്ട് III - പ്രായോഗിക പരീക്ഷ
4. പാർട്ട് - I തിയറി പരീക്ഷയിൽ പരാജയപ്പെട്ട പരീക്ഷാർത്ഥികൾക്കാണ് സപ്ലിമെന്ററി പരീക്ഷ നടത്തുന്നത്.
5. പ്രസ്തുത കോഴ്സ് വിജയിക്കുന്നതിന് എല്ലാ പേപ്പറുകളുടെയും എഴുത്തു പരീക്ഷ, തുടർ മൂല്യനിർണയം, പ്രാക്ടിക്കൽ പരീക്ഷ എന്നിവയ്ക്ക് സി + ഗ്രേഡ് എങ്കിലും നേടിയിരിക്കേണ്ടതാണ്.

(മറുപുറം)

## II. തിയറി പരീക്ഷാ പേപ്പറുകളും ആകെ മാർക്കും സമയവും

| Paper | Subject | Maximum Score | Time |
|---|---|---|---|
| I | Education & Society | 100 | 3 hrs |
| II | Learning & Psychology | 100 | 3 hrs |
| III | Modern Trends in Education | 100 | 3 hrs |
| IV | Language Learning Theory & Practice (Hindi/ Arabic/ Urdu) | 100 | 3 hrs |
| V | Language & Language Learning (Hindi/ Arabic/Urdu) | 100 | 3 hrs |

## III. ഗ്രേഡിംഗ്

| ഗ്രേഡ് | സ്കോർ പരിധി |
|---|---|
| A + | 90 ശതമാനം മുതൽ 100 ശതമാനം വരെ |
| A | 80 ശതമാനം മുതൽ 89 ശതമാനം വരെ |
| B+ | 70 ശതമാനം മുതൽ 79 ശതമാനം വരെ |
| B | 60 ശതമാനം മുതൽ 69 ശതമാനം വരെ |
| C+ | 50 ശതമാനം മുതൽ 59 ശതമാനം വരെ |
| C | 40 ശതമാനം മുതൽ 49 ശതമാനം വരെ |
| D+ | 40 ശതമാനത്തിന് താഴെ |

## IV. പരീക്ഷയ്ക്ക് ചേരുവാനുള്ള യോഗ്യതകൾ.

2006-07 അദ്ധ്യയന വർഷം ആരംഭിച്ച പാഠ്യപദ്ധതിയിൽ ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ കോഴ്സ് പൂർത്തീകരിച്ച തിയറി വിഷയങ്ങളിൽ പരാജയപ്പെട്ട അദ്ധ്യാപക-വിദ്യാർത്ഥികൾക്ക് പ്രൈവറ്റായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## V. പരീക്ഷയ്ക്ക് അപേക്ഷിക്കേണ്ട വിധം

പരീക്ഷാർത്ഥികൾ ഈ വിജ്ഞാപനത്തിലെ അനുബന്ധം 'എ' ആയി കൊടുത്തിരിക്കുന്ന മാതൃകയിൽ **09.12.2021** തീയതിയ്ക്കുമുമ്പ് അപേക്ഷ നിശ്ചിതഫീസ് സഹിതം ഏത് ടി.ടി.ഐ-യിലാണോ ഒരു വർഷത്തെ ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ പഠനം പൂർത്തിയാക്കിയത് പ്രസ്തുത ടി.ടി.ഐ പ്രിൻസിപ്പാളിനാണ് സമർപ്പിക്കേണ്ടത്. നിലവിൽ പ്രവർത്തന രഹിതമായ ടി.ടി.ഐ-കളിലെ വിദ്യാർത്ഥികൾ ഏറ്റവും അടുത്തുള്ള ടി.ടി.ഐ-യിലെ പ്രിൻസിപ്പാളിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പരീക്ഷാ കേന്ദ്രത്തിൽ അപേക്ഷയോ, ഫീസോ, സർട്ടിഫിക്കറ്റോ ശേഖരിക്കേണ്ടതില്ല. പരീക്ഷാർത്ഥികൾ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. മുൻപ് ഡി.എൽ.എഡ് പരീക്ഷ എഴുതിയ വർഷങ്ങളിലെ എല്ലാ മാർക്ക് ലിസ്റ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

## VI. പരീക്ഷാകേന്ദ്രങ്ങൾ

### a. ഡി.എൽ.എഡ് (ഹിന്ദി)

1. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. പട്ടം, തിരുവനന്തപുരം.
2. ഗവൺമെന്റ് ജി.എച്ച്.എസ്.എസ്.വില്ലാടം, തൃശ്ശൂർ.
3. ഗവൺമെന്റ് എച്ച്.എസ്.എസ്.കോട്ടപ്പുറം, മലപ്പുറം.
4. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. പെരിന്തൽമണ്ണ, മലപ്പുറം.
5. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. അടൂർ, പത്തനംതിട്ട.

### b. ഡി.എൽ.എഡ് (അറബിക്)

1. ഗവൺമെന്റ് ടി.ടി.ഐ. കൊല്ലം
2. ഗവൺമെന്റ് ടി.ടി.ഐ. മലപ്പുറം
3. ഗവൺമെന്റ് വനിതാ ടി.ടി.ഐ.നടക്കാവ്, കോഴിക്കോട്.

### c. ഡി.എൽ.എഡ് (ഉറുദു)

1. ഗവൺമെന്റ് ടി.ടി.ഐ. മലപ്പുറം
2. ഗവൺമെന്റ് വനിതാ ടി.ടി.ഐ.നടക്കാവ്, കോഴിക്കോട്.

## VII. ഫീസ് നിരക്കുകൾ

### a. പരീക്ഷാഫീസ്

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | എല്ലാ വിഷയങ്ങൾക്കും | 50/- |
| 2 | ഒരു വിഷയത്തിന് | 10/- |
| 3 | ഫൈൻ | 10/- |
| 4 | സർട്ടിഫിക്കറ്റിനുള്ള ഫീസ് | 40/- |

പട്ടികജാതി, പട്ടികവർഗ്ഗ, കുടുംബി, പരിവർത്തിത ക്രിസ്ത്യാനികൾ ഉൾപ്പെടെയുള്ള ഒ.ഇ.സി. വിഭാഗങ്ങളിൽ ഉൾപ്പെട്ട പരീക്ഷാർത്ഥികൾ ആദ്യത്തെ രണ്ട് ചാൻസുകൾക്ക് ഫീസടക്കേണ്ടതില്ല. ശേഖരിക്കുന്ന ഫീസ് നിശ്ചിത ദിവസത്തിനുള്ളിൽ 0202-01-102-99 examination fee എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

## b. <u>സർട്ടിഫിക്കറ്റിനുള്ള ഫീസ്</u>

എല്ലാ പരീക്ഷാർത്ഥികളും സർട്ടിഫിക്കറ്റിനുള്ള ഫീസായി 40/-രൂപ 0202-01-102-92 അദർ റെസീറ്റ്സ് എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

പരീക്ഷാർത്ഥികളിൽ നിന്നും അപേക്ഷയോ ഫീസോ പരീക്ഷാഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.

# VIII. <u>'എ' ലിസ്റ്റ് തയ്യാറാക്കുന്നവിധം</u>

ടി.ടി.ഐ പ്രിൻസിപ്പാൾമാർ 'എ' ലിസ്റ്റ് എക്സൽ ഫോർമാറ്റിൽ ഡി.എൽ.എഡ് ഹിന്ദി/അറബിക്/ഉറുദു എന്നീ വിഷയങ്ങൾക്ക് പ്രത്യേകം തയ്യാറാക്കേണ്ടതാണ്. 'എ' ലിസ്റ്റ് തയ്യാറാക്കിയതിനുശേഷം pareekshabhavancgl@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ **17.12.2021** തീയതിയ്ക്കുമുമ്പ് മെയിൽ ചെയ്യേണ്ടതാണ്. 'എ' ലിസ്റ്റ് മെയിൽ ചെയ്തതിനുശേഷം 'എ' ലിസ്റ്റിന്റെ ഹാർഡ്കോപ്പി, അനുബന്ധം I,II,III എന്നിവ തയ്യാറാക്കി സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ **20.12.2021** ന് മുമ്പ് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

'എ' ലിസ്റ്റ് പൂർണ്ണമായും അഡ്മിഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ചായിരിക്കണം തയ്യാറാക്കേണ്ടത്. ലിസ്റ്റ് തയ്യാറാക്കുമ്പോൾ കുട്ടികളുടെ പേര് എസ്.എസ്.എൽ.സി.യിലേതുപോലെ തന്നെയാണെന്ന് പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഇംഗ്ലീഷ് അക്ഷരമാലാ ക്രമത്തിൽ ആദ്യം പെൺകുട്ടികളുടെ പേരു വിവരങ്ങളും പിന്നീട് ആൺകുട്ടികളുടെ പേര് വിവരങ്ങളും എഴുതേണ്ടതാണ്.

പരീക്ഷാർത്ഥികളുടെ വിവരങ്ങൾ 'എ' ലിസ്റ്റിൽ തയ്യാറാക്കുമ്പോൾ മുമ്പ് പരീക്ഷ എഴുതിയ എല്ലാ അവസരങ്ങളിലേയും രജിസ്റ്റർ നമ്പറും വർഷവും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

ടി.ടി.ഐ പ്രിൻസിപ്പാൾമാർ 'എ' ലിസ്റ്റ് ഉം അനുബന്ധഫോമുകളും ഒപ്പിട്ട് നിശ്ചിത തീയതിക്കുമുമ്പ് പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

കവറിനു മുകളിൽ **<u>'ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ ഹിന്ദി/അറബിക്/ഉറുദു 'എ' ലിസ്റ്റ്'</u>** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

## IX. സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങളും തീയതികളും

| | | | |
|---|---|---|---|
| 1 | പരീക്ഷാ ഫീസ്, സർട്ടിഫിക്കറ്റിനുള്ള ഫീസ് ടി.ടി.ഐ-കളിൽ സ്വീകരിക്കേണ്ട തീയതി | : | 26.11.2021 മുതൽ 09.12.2021 വരെ |
| 2 | ലഭിച്ച ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | : | 10.12.2021 |
| 3 | ഫൈനോടുകൂടി പരീക്ഷാ ഫീസ് സ്വീകരിക്കേണ്ട തീയതി | | 11.12.2021 മുതൽ 14.12.2021 വരെ |
| 4 | ഫൈനോടുകൂടി പരീക്ഷാ ഫീസ് ട്രഷറിയിൽ ഒടുക്കേണ്ട തീയതി | : | 14.12.2021 |
| 5 | 'എ' ലിസ്റ്റ്, ക്വസ്റ്റ്യൻ പേപ്പർ സ്റ്റേറ്റ്മെന്റ്, അനുബന്ധ ഫോമുകൾ എന്നിവ പരീക്ഷാ ഭവനിൽ സമർപ്പിക്കേണ്ട തീയതി | : | 20.12.2021 |

## X. പരീക്ഷാ ടൈംടേബിൾ

| Date | Day | Time | Paper | Subject |
|---|---|---|---|---|
| 24.01.2022 | Monday | **9.45 am to 1.00 pm** | **I** | **Education & Society** |
| 25.01.2022 | Tuesday | **9.45 am to 1.00 pm** | **II** | **Learning & Psychology** |
| 27.01.2022 | Thursday | **9.45 am to 1.00 pm** | **III** | **Modern Trends in Education** |
| 31.01.2022 | Monday | **9.45 am to 1.00 pm** | **IV** | **Language Learning Theory & Practice (Hindi/ Arabic/ Urdu)** |
| 01.02.2022 | Tuesday | **9.45 am to 1.00 pm** | **V** | **Language & Language Learning (Hindi/ Arabic/Urdu)** |

9.45 മുതൽ 10.00 മണിവരെയുള്ള 15 മിനിട്ട് സമാശ്വാസ സമയമായിരിക്കും

## XI. അഡ്മിഷൻ ടിക്കറ്റ്

പരീക്ഷ തുടങ്ങുന്നതിന് 5 ദിവസം മുമ്പ് പരീക്ഷാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ടി.ടി.ഐ-കളിൽ നിന്നും വിതരണം ചെയ്യേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റ് ഹാജരാക്കാത്ത വിദ്യാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.

## XII. പരീക്ഷാ ചെലവുകൾക്കുള്ള ഫണ്ട്

ചീഫ് സൂപ്രണ്ടുമാർ സ്കൂൾ സ്പെഷ്യൽ ഫീ ഫണ്ടിൽ നിന്നും ആവശ്യമായ തുക താത്ക്കാലികമായി പിൻവലിച്ചാണ് ഡിപ്ലോമ ഇൻ ലാംഗ്വേജ് എജ്യൂക്കേഷൻ ഹിന്ദി/അറബിക്/ഉറുദു പരീക്ഷ സംബന്ധിച്ചുള്ള ചെലവുകൾ വഹിക്കേണ്ടത്. ചെലവായ തുകകളുടെ അഡ്മിസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകുവാനും റീ-കൂപ്പ് ചെയ്യുവാനുള്ള തുക അനുവദിക്കുവാനും 10.04.2012-ലെ ജി.ഒ.(എം.എസ്.)112/12/ പൊ.വി.വ. പ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിർദ്ദിഷ്ട ഫോറത്തിൽ ചീഫ് സൂപ്രണ്ടുമാർ തങ്ങളുടെ സ്റ്റേറ്റ്മെന്റോടുകൂടി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.

## XIII. പരീക്ഷാക്രമക്കേടുകൾ

പരീക്ഷാർത്ഥികൾ എഴുതിയതോ, പ്രിന്റുചെയ്തതോ ആയ പേപ്പറുകളുമായി പരീക്ഷാ ഹാളിൽ പ്രവേശിക്കുവാൻ പാടില്ല. മറ്റു വിദ്യാർത്ഥികളുടെ പേപ്പർ നോക്കി എഴുതുന്നതും, മറ്റു വിദ്യാർത്ഥികൾക്ക് കണ്ട് എഴുതുവാൻ അവസരം നൽകുന്നതും, ഹാളിൽ മറ്റു വിദ്യാർത്ഥികളോട് സംസാരിക്കുന്നതും പരീക്ഷാ ക്രമക്കേടായി പരിഗണിക്കുന്നതാണ്. പരീക്ഷാപേപ്പറിൽ നിശ്ചയിക്കപ്പെട്ട സ്ഥലത്തുമാത്രമേ രജിസ്റ്റർ നമ്പർ എഴുതുവാൻ പാടുള്ളൂ. രജിസ്റ്റർ നമ്പർ ഒഴികെ വിദ്യാർത്ഥിയെ തിരിച്ചറിയുന്നതിനായി പേരോ മറ്റെന്തെങ്കിലും വിവരമോ ഉത്തരക്കടലാസിൽ രേഖപ്പെടുത്തുവാൻ പാടില്ല. പരീക്ഷാ ഹാളിൽ സെൽഫോൺ അനുവദിക്കുന്നതല്ല. പരീക്ഷാ ഹാളിൽ പരീക്ഷാക്രമക്കേടുകൾ ചെയ്യുകയോ, ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ അതിനെ തുടർന്ന് അധികാരികൾ കൈക്കൊള്ളുന്ന തീരുമാനങ്ങൾ അംഗീകരിച്ചു കൊള്ളാമെന്ന നിബന്ധന ഒപ്പിട്ടു നൽകിയാൽ മാത്രമേ തുടർന്ന് പരീക്ഷ എഴുതുവാൻ അനുവദിക്കുകയുള്ളൂ.

## സർട്ടിഫിക്കറ്റ് വിതരണം

പരീക്ഷാഫലം പ്രഖ്യാപിച്ചതിനുശേഷം **സർട്ടിഫിക്കറ്റുകൾ** വിതരണത്തിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ എത്തിക്കുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ ബന്ധപെട്ട ടി.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതും പ്രിൻസിപ്പാൾമാർ ഒപ്പിട്ട് സർട്ടിഫിക്കറ്റ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**വിദ്യാർത്ഥിയെ സംബന്ധിച്ച് തെറ്റായ വിവരം രേഖപ്പെടുത്തിയതോ, പരീക്ഷാ സെക്രട്ടറിയുടെ ഒപ്പും, സീലും ഇല്ലാത്തതോ, പ്രിന്റ് തെളിയാത്തതോ ആയ ഡി.എൽ.എഡ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ പാടുള്ളതല്ല. ഇങ്ങനെയുള്ളവ പരീക്ഷാഭവനിൽ തിരികെ എത്തിച്ച് തെറ്റു തിരുത്തി വാങ്ങേണ്ടതാണ്.**

**3 മാസങ്ങൾക്കുള്ളിൽ പരീക്ഷാർത്ഥി സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങിയില്ലെങ്കിൽ അവ പരീക്ഷാ ഭവനിലേക്ക് *Unclaimed D.L.Ed Certificate* എന്നു രേഖപ്പെടുത്തിയ കവറിൽ അയച്ചു തരേണ്ടതാണ്. പിന്നീട് '0202-01-102-92 അദർ റസീറ്റ്സ്' എന്ന ഹെഡ്ഓഫ് അക്കൗണ്ടിൽ 100/-രൂപ ചെലാൻ അടച്ചാൽ മാത്രമേ *Unclaimed D.L.Ed Certificate* നൽകുകയുള്ളൂ.**

**<u>ഉത്തരകടലാസുകളുടെ സൂക്ഷ്മ പരിശോധനയും പുനർ മൂല്യ നിർണയവും</u>**

മൂല്യ നിർണയം നടത്തിയ ഉത്തര കടലാസുകളുടെ സൂക്ഷ്മ പരിശോധന, പുനർ മൂല്യനിർണയം എന്നിവയ്ക്കുള്ള അപേക്ഷ (അനുബന്ധം IV) പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 5 ദിവസത്തിനകം അതത് ടി.ടി.ഐ പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടതാണ്. നിശ്ചിത ഫീസ് പണമായി അപേക്ഷയോടൊപ്പം തന്നെ നൽകേണ്ടതാണ്. പരീക്ഷാ ഫീസിന് നൽകുന്ന രസീത് ബുക്കിൽ നിന്നും ഇതിന് രസീത് നൽകേണ്ടതുമാണ്. **അപേക്ഷകളും, ഫീസും പരീക്ഷാ ഭവനിൽ നേരിട്ട് സ്വീകരിക്കുന്നതല്ല.** ഓരോന്നിനുമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

A) **<u>സൂക്ഷ്മ പരിശോധന ( Scrutiny)</u>**

1. പരീക്ഷാർത്ഥികൾ നിശ്ചിത ഫോറത്തിൽ സൂക്ഷ്മ പരിശോധനയ്ക്കായി അപേക്ഷിക്കാവുന്നതാണ്.
2. പേപ്പർ 1 ന് 50/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കേണ്ടതാണ്.
3. പുനർമൂല്യ നിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിനിയ്ക്ക് പ്രത്യേക അപേക്ഷ ആവശ്യമില്ല.

B) **<u>പുനർ മൂല്യ നിർണയം (Revaluation)</u>**

1. ഉത്തരക്കടലാസുകൾ പുനർ മൂല്യ നിർണയം നടത്തുന്നതിനുള്ള അപേക്ഷയോടൊപ്പം പേപ്പർ1 ന് 400/- രൂപ ക്രമത്തിൽ ഫീസ് ഒടുക്കി അപേക്ഷിക്കാവുന്നതാണ്.
2. ഇപ്രകാരം പുനർ മൂല്യ നിർണയത്തിന് അപേക്ഷിക്കുന്നവർ അതേ പേപ്പറിന് സൂക്ഷ്മ പരിശോധനയ്ക്കുവേണ്ടി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല.

- സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യ നിർണയത്തിനും അപേക്ഷിക്കുന്നതിനുള്ള തീയതി അവസാനിച്ചതിന്റെ അടുത്ത ദിവസം തന്നെ ടി.ടി.ഐ.പ്രിൻസിപ്പാൾമാർ ലഭിച്ച അപേക്ഷകളുടെയും തുകകളുടെയും വിവരങ്ങൾ അടങ്ങിയ ഒരു പ്രത്യേക സ്റ്റേറ്റ്മെന്റ് പരീക്ഷാ ഭവനിലേക്ക് ***(cgeasection@gmail.com)*** ഇ-മെയിൽ അയക്കേണ്ടതാണ്.
- പുനർ മൂല്യ നിർണ്ണയത്തിന്റെ ഫലം പരീക്ഷാഭവൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
- പുനർമൂല്യനിർണയത്തിൽ ഉയർന്ന ഗ്രേഡ് നേടുന്നവർക്ക് പുതുക്കിയ ഗ്രേഡ് ചേർത്ത മാർക്ക് ലിസ്റ്റ് റ്റി.റ്റി.ഐ. പ്രിൻസിപ്പാൾമാർ വഴി വിതരണം ചെയ്യുന്നതാണ്. 23.07.2011 പൊ.വി.വ.(ജി) വകുപ്പിന്റെ ജി.ഒ.(എം.എസ്) നം. 163/2011 ഉത്തരവ് പ്രകാരം ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് പുനർമൂല്യനിർണ്ണയത്തിനായി ഒടുക്കിയ ഫീസ് തിരികെ നൽകുന്നതാണ്.

## C) മൂല്യനിർണ്ണയത്തിന്റെ ഫീസ് ട്രഷറിയിൽ ഒടുക്കുന്നത് സംബന്ധിച്ച്:

ഉത്തരക്കടലാസുകൾ പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിനി, ഫോട്ടോകോപ്പി വിതരണം എന്നിവയിൽ ഫീസായി സ്വീകരിക്കുന്ന തുകയിൽ നിന്നും പുനർമൂല്യ നിർണ്ണയത്തിന് ഉയർന്ന ഗ്രേഡ് ലഭിക്കുന്നവർക്ക് തിരികെ നൽകിയതിനുശേഷമുള്ള തുക '2202-01-102-92 other receipts' എന്ന ശീർഷകത്തിൽ ചെലാൻ പ്രകാരം ഒടുക്കേണ്ടതാണ്.

## D) കോവിഡ്-19 നിർദ്ദേശങ്ങൾ:

കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്ത-മാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ പരീക്ഷാകേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും ക്വാറന്റയിനി-ലുള്ളവരെയും കണ്ടെയിൻമെന്റ് സോണിൽ നിന്നും വരുന്നവരെയും തെർമൽ സ്കാനറിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും മറ്റു അസുഖ ലക്ഷണം കാണിക്കുന്നവരെയും പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നടത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

# ANNEXURE –I

**SUPPLEMENTARY EXAMINATION FOR DIPLOMA IN LANGUAGE EDUCATION (DLED)**
**Arabic/Urdu/Hindi – January 2022**

## Application form

| | | | |
|---|---|---|---|
| 1. | Name of Candidate as per SSLC in Block Letters) | : | |
| 2. | Name of Centre | : | |
| 3. | Sex | : | |
| 4. | Date of Birth | : | |
| 5 | Address in full with name of Post Office and Pin code | : | |
| 6 | General Educational Qualification | : | |
| 7. | Name of Training Institute where the candidate had undergone the course | : | |
| 8. | Period of Training | : | |
| 9. | Subjects of examination for which the candidate now appears | : | |
| 10. | If the candidate has previously appeared furnish the name of subject already passed with register number and year of examination | : | |
| 11. | Language chosen for the Examination | : | |
| 12. | Amount of fee remitted | : | |
| 13 | Number and date of Chalan receipt with name of treasury | : | |

Signature of the Candidate

## CERTIFICATE

Certified that the entries made in the application have been verified with the mark list and found correct.

Signature

Place:

Date: **Seal** **Name & Designation (Head of the Institution)**

Note: Identification Certificate should also be submitted along with the application

**ANNEXURE –II**

**GENERAL EDUCATION DEPARTMENT**

**SUPPLEMENTARY EXAMINATION FOR DIPLOMA IN LANGUAGE EDUCATION (DLED)**
**Arabic/Urdu/Hindi – January 2022**

# Identification Certificate

| Photo |
|---|

Identifying officer should sign across photograph

1. Name of the Candidate :
2. Address :

3. Name, designation and office of the attesting officer :
4. Signature of the Candidate :

(To be signed in the presence of the identifying officer)

I, ..........................................................................hereby attest the signature and photograph of Sri/Smt...........................................................................................
..........................................................................................................................
.......... who is a candidate of the DLED Arabic/Urdu/Hindi Supplementary Examination 2021

Place:

Date: Office Seal **Signature of the attesting Officer**

ANNEXURE –III

# GENERAL EDUCATION DEPARTMENT

**SUPPLEMENTARY EXAMINATION FOR DIPLOMA IN LANGUAGE EDUCATION (DLED) Arabic/Urdu/Hindi – January 2022**

## ADMISSION TICKET

Register No. [ ]

Passport size Photo

Name of Centre : ..................................................

Name of Institution : ..................................................

Name of Candidates : ..................................................

Name of Subjects : ..................................................

Signature
Name and Designation of
(Chief Superintendent)

Signature of the Candidates: .................................................

## INSTURCTION TO THE CANDIDATE

1. Candidates must be in possession of Admission ticket at the time of the examination
2. Candidates should scrutinize the entries made in their admission ticket, point out mistakes if nay and got it rectified.
3. Candidates must enter the name, year and month of examination, Reg. No and name of the subject on the facing sheet of the answer book.
4. Candidates who arrive more than 30 minutes late will not be allowed for examination.
5. Writing answers during cool-off time will be treated as malpractice.

## Time Table

| Date | Day | Time | Paper | Subject |
|---|---|---|---|---|
| 24.01.2022 | Monday | **9.45 am to 1.00 pm** | **I** | **Education & Society** |
| 25.01.2022 | Tuesday | **9.45 am to 1.00 pm** | **II** | **Learning & Psychology** |
| 27.01.2022 | Thursday | **9.45 am to 1.00 pm** | **III** | **Modern Trends in Education** |
| 31.01.2022 | Monday | **9.45 am to 1.00 pm** | **IV** | **Language Learning Theory & Practice (Hindi/ Arabic/ Urdu)** |
| 01.02.2022 | Tuesday | **9.45 am to 1.00 pm** | **V** | **Language & Language Learning (Hindi/ Arabic/Urdu)** |

NB: Standard time will be followed. The above Time Table will strictly be followed and the examination shall not under any circumstances be stopped or postponed without the orders of the Commissioner for Government Examinations even though any day of the examinations is declared as a holiday.

ANNEXURE –IV

## APPLICATION FOR REVALUATION / SCRUTINY OF ANSWER SCRIPTS OF THE SUPPLEMENTARY EXAMINATION FOR DIPLOMA IN LANGUAGE EDUCATION - ARABIC/URDU/HINDI - JANUARY 2022

1. Register Number :
2. Name of Candidate :
3. Full address of the Candidate with name of Post Office & Pin :
4. Name of Centre of Examination :
5. Name of Educational District :
6. Details of papers for which Revaluation is applied for :

| Sl. No | Name of Paper | Mark secured for DLED Supplementary Examination 2021 |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |

7. Details of fee and mode of payment as mentioned in the notification

Place:
Date: **Signature of Candidate**

Certified that I have verified the particulars furnished above with reference to the connected records and found correct.

Place:

Date: (Office Seal) **Name and signature of Principal**